12 (12) **1998-99-ലെ വാർഷിക പദ്ധതിയുടെ വിലയിരുത്തൽ**

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99ലെ വാർഷിക പദ്ധതിയിൽ വിദ്യുച്ഛക്തി, ശുദ്ധജല വിതരണം, ജലസേചനം, കൃഷി, ഗതാഗതം, വ്യവസായം, മത്സ്യബന്ധനം, പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഭവന നിർമ്മാണം എന്നിവയുടെ ഫൈനാൻഷ്യൽ ടാർജറ്റും ഫിസിക്കൽ ടാർജറ്റും എത്ര വീതമായിരുന്നു;

(ബി) ഇതിൽ ഫൈനാൻഷ്യൽ ടാർജറ്റിലും ഫിസിക്കൽ ടാർജറ്റിലും എത്രവീതം നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞു;

(സി) 1998-99 ലെ പദ്ധതി ചെലവിനേയും നേട്ടത്തേയും പറ്റി കാലാകാലങ്ങളിൽ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിലയിരുത്തൽ സമയത്ത് എന്തു തുക വീതം ചെലവഴിച്ചിരുന്നുവെന്നും എന്തു നേട്ടം വീതം കൈവരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) വിശദാംശങ്ങൾ അനുബന്ധം (എ)യിലും (ബി)യിലും കൊടുത്തിരിക്കുന്നു.

(സി) ഉണ്ട്.

(ഡി) അനുബന്ധം (സി)യിലും (ഡി)യിലും കൊടുത്തിരിക്കുന്നു.

13 (13) **1999-2000- മാണ്ടിലെ വാർഷിക പദ്ധതി**

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000-മാണ്ടേക്കുള്ള വാർഷിക പദ്ധതിക്ക് സംസ്ഥാന സർക്കാർ എന്തു തുകയാണ് നിർദ്ദേശിച്ചിരുന്നത്;

(ബി) പ്രസ്തുത പദ്ധതിക്കുള്ള വിഭവ സമാഹരണം ഏതു വിധത്തിൽ നടത്തുമെന്നാണ് പദ്ധതിരേഖകളിൽ പറഞ്ഞിരുന്നത്;

(സി) അതനുസരിച്ച് സംസ്ഥാനം സമാഹരിക്കേണ്ടിയിരുന്ന തുക എത്രയായിരുന്നു;

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ലോണായും ഗ്രാന്റായും മറ്റുവിധത്തിലും എന്തു തുക ലഭിക്കുമെന്നാണ് വിവക്ഷിച്ചിരുന്നത്;

(ഇ) 1999-2000-മാണ്ടേക്ക് എന്തു തുകയ്ക്കുള്ള വാർഷിക പദ്ധതിയാണ് അംഗീകരിച്ച് കിട്ടിയത്;

---

ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇത് മുൻ വർഷത്തേക്കാൾ എത്ര ശതമാനം കൂടുതലോ കുറവോ ആണ്;

(ജി) അംഗീകരിച്ചു കിട്ടിയ വാർഷിക പദ്ധതി പ്രകാരം സംസ്ഥാനം കണ്ടെത്തേണ്ട തുകയെത്രയാണ് എന്നും കേന്ദ്രത്തിൽ നിന്ന് കിട്ടുന്ന തുകയെത്രയാണെന്നും അറിയിക്കുമോ?

ഉത്തരം

(എ) 3250 കോടി രൂപ.

(ബി) ചെറുകിട സമ്പാദ്യ ഓഹരി, പൊതു കടം പി.എഫ്/മറ്റ് ഡിപ്പോസിറ്റുകൾ, പലവക മൂലധനവരവ്, കരാർ അനുസരിച്ചുള്ള വായ്പകൾ, ഡിബഞ്ചറുകളും ബോണ്ടുകളും, പത്താം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരമുള്ള ഗ്രാന്റ്, കേന്ദ്രസഹായം, അധികവിഭവ സമാഹരണം എന്നിവയിലൂടെയാണ് പദ്ധതി നടത്തിപ്പിനാവശ്യമായ വിഭവസമാഹരണം നടത്തുന്നത്.

(സി) 2467.30 കോടി രൂപ.

(ഡി) ലോണായി 547.89 കോടി രൂപയും ഗ്രാന്റായി 234.81 കോടി രൂപയും.

(ഇ) 3250 കോടി രൂപയുടെ വാർഷിക പദ്ധതി.

(എഫ്) 4.8 ശതമാനം കൂടുതലാണ്.

(ജി) സംസ്ഥാനം 2467.30 കോടി രൂപ കണ്ടെത്തണമെന്നും കേന്ദ്രത്തിൽനിന്നും 782.70 കോടി രൂപ ലഭിക്കുമെന്നും കണക്കാക്കിയിരിക്കുന്നു.

**14 (14) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതികൾ**

ശ്രീമതി ആർ ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായ പദ്ധതിയിൽ നിന്നും എന്തു തുക അനുവദിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച മൊത്തം തുക ഓരോ ജില്ലയിലും എത്ര വീതമാണ് നൽകിയതെന്ന് വെളിവാക്കുമോ;

(സി) കൊല്ലം ജില്ലയിൽ ഈ പദ്ധതിയിൽ നിന്നും എന്തു തുകയുടെ സഹായം നൽകി എന്നും എത്ര ആളുകൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു എന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരമായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,89,67,381 രൂപ 1997-98 സാമ്പത്തിക വർഷത്തിലും 2,07,38,184 രൂപ 1998-99 സാമ്പത്തിക വർഷത്തിലും അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly